**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6529** **20-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ വരുമാനവർദ്ധനയ്ക്കുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യമേഖലയിലെ വരുമാനവർദ്ധനയ്ക്കായി സാങ്കേതിക വിദ്യയുടെ സഹായത്തോടെ മത്സ്യസമ്പത്തിനെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യാനും അതുവഴി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | ഉണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാര മുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ച് വരുന്നു.<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ (സാഫ്) മുഖേന മത്സ്യത്തെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുവാനും അതുവഴി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുമായി ചെറുകിട തൊഴിൽ സംരംഭക പദ്ധതി നടപ്പാക്കുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുന്നു. കൂടാതെ സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20 ശതമാനം ബാങ്ക് ലോൺ ആയി യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു.<br><br>കൂടാതെ സാഫിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂല്യവർദ്ധിതോൽപ്പന്നങ്ങളുടെ വിപണനവും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനായി തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ |

| | | | |
|---|---|---|---|
| | | | ധർമ്മസംഘങ്ങൾ ആക്ട് അനുസരിച്ച് 'സാഫ് ഫിഷ് & ഫിഷ് പ്രോസസ്സിംഗ് ഗ്രൂപ്പ്സ് കാറ്റഗറി ഫെഡറേഷൻ' രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫിഷ് ബൂത്ത്, ഡ്രൈ ഫിഷ്, ഫിഷ് പ്രൊസ്സസ്സിംഗ് യൂണിറ്റ്, അച്ചാർ, അലങ്കാര മത്സ്യം, ക്ലാം പ്രൊസ്സസ്സിംഗ്, പീലിംഗ് ഷെഡ്, മത്സ്യ വളം എന്നിങ്ങനെയുള്ള യൂണിറ്റുകളാണ് ഈ ഫെഡറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നത്.<br><br>സാഫ് സംരംഭകർ ഹാർബറിൽ നിന്നും നേരിട്ട് മത്സ്യം ശേഖരിച്ച് ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രയറിൽ ഉണക്കി ആകർഷകമായി പായ്ക്ക് ചെയ്ത് വിവധയിനം ഉണക്കമത്സ്യങ്ങൾ വിപണനം നടത്തുന്നുണ്ട്.<br><br>കൂടാതെ മത്സ്യഫെഡ് മുഖേനയും മത്സ്യത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ